പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 229

08.06.2015-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ഷാഹുൽ ഹമീദിന്റെ മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര മുക്കൂട് സ്വദേശിയും ഉദുമ കണ്ണംകുളത്ത് വാടക ക്വാർട്ടേഴ്സിൽ താമസക്കാരനുമായ ഷാഹുൽ ഹമീദ് അക്രമത്തിൽ മരിക്കുകയും സഹോദരൻ ബാദുഷ ഗുരുതരമായി പരുക്കേൽക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12.05.2015- ാം തീയതി രാത്രി 1.15 മണിക്ക് പള്ളിക്കര ഗ്രാമത്തിൽ മണ്ണംകുളം ഗ്രീൻവുഡ് ഹൈസ്കൂളിനു മുൻവശം റോഡിൽവെച്ച് മോട്ടോർ സൈക്കിളിൽ സഞ്ചരിക്കുകയായിരുന്ന ഷാഹുൽ ഹമീദ്, സഹോദരൻ ബാദുഷ എന്നിവരെ പ്രതികൾ തടഞ്ഞു നിർത്തി മാരകായുധമായ മരവടികൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും പരിക്കേറ്റ ഷാഹുൽ ഹമീദ് മരണപ്പെടുകയും സഹോദരൻ ബാദുഷയെ ചികിൽസയ്ക്കായി മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായി. |
| (ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; എത്ര പേരെ പിടികൂടിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) സംഭവം സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 362/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിലെ അറസ്റ്റ് ഉൾപ്പെടെയുള്ള പ്രതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. മുഹമ്മദ് റഹീസ്, S/o. ഹംസ (15.05.2015ൽ അറസ്റ്റ് ചെയ്തു)<br>2. മുഹമ്മദ് ഇർഷാദ് @ കാവു, S/o. ഹംസ (15.05.2015ൽ അറസ്റ്റ് ചെയ്തു)<br>3. ഷാഹിദ്<br>4. ഷിയാബ്, S/o. ഹംസ (28.05.2015ൽ അറസ്റ്റ് ചെയ്തു)<br>5. സർഫ്രാസ്<br>6. ആസിഫ്<br>7. ഷബീർ ഷാഫി<br>8. ഹാത്രഫ്<br>(പ്രസ്തുത കേസിലെ 3, 5, 6, 7, 8 പ്രതികളെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചുവരുന്നു) |
| (സി) പ്രതികളായിട്ടുള്ളവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ സംഘടനകളുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) പ്രതികൾ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രവർത്തകരാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (ഡി) പ്രദേശത്ത് കരുതിക്കൂട്ടി കലാപം ഉണ്ടാക്കുക എന്ന ഗൂഢ ഉദ്ദേശം മേൽ കൊലപാതകത്തിന്റെ പിന്നിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) സ്ഥലത്ത് രാഷ്ട്രീയ സംഘർഷം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടി ആറാട്ടുകടവ്കാരനായ സി.പി.ഐ. (എം) പാർട്ടി പ്രവർത്തകനാണെന്ന് തെറ്റിദ്ധരിച്ച് കൊല ചെയ്യപ്പെട്ട ഷാഹുൽ ഹമീദിനെ ആളുമാറി കൊലപ്പെടുത്തുകയാണുണ്ടായതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ